LIBRARY ARCHIVES Kerala Legislative Assembly

കുറുവ പഞ്ചായത്തിലെ പടലാംകുന്ന് കുടിവെള്ള പദ്ധതി

186 (7485) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ കുറുവ പഞ്ചായത്തിൽ നിലവിലുള്ള ഭരണസമിതി വന്നതിനുശേഷം 'പടലാംകുന്ന് കുടിവെള്ള പദ്ധതി' നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഏത് വാർഡിലെ എന്നത്തെ ഗ്രാമസഭയുടെ തീരുമാന പ്രകാരമാണ് പദ്ധതി നടപ്പിലാക്കിയത് എന്ന് വ്യക്തമാക്കാമോ ;

(സി) എത്ര രൂപയുടെ എസ്റ്റിമേറ്റായിരുന്നു ഇതിനായി തയ്യാറാക്കി ഇരുന്നതെന്നും എസ്റ്റിമേറ്റ് പ്രകാരം എന്തെല്ലാം പ്രവൃത്തികളാണ് ചെയ്യേണ്ടി ഇരുന്നതെന്നും പ്രസ്തുത പ്രവൃത്തികളുടെ അളവും മെറ്റീരിയൽസിന്റെ വിവരവും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ ;

(ഡി) ഈ പ്രവൃത്തിക്കായി ആകെ എത്രരൂപയാണ് ഇതുവരെ കൺവീനർ കൈപ്പറ്റിയിട്ടുള്ളത് എന്നും ഇനി എന്ത് തുക നൽകാനുണ്ടെന്നും വ്യക്തമാക്കാമോ ;

(ഇ) ഈ പ്രവൃത്തിക്കായുള്ള ഗുണഭോക്തൃ കമ്മിറ്റി കൺവീനർ ആരായിരുന്നു എന്നും ഈ പ്രവൃത്തിക്കായി എത്ര പ്രാവശ്യം ഈ കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെന്നും ഏതെല്ലാം തീയതികളിലാണ് യോഗം ചേർന്നതെന്നും വിശദമാക്കാമോ ;

(എഫ്) ഈ കമ്മിറ്റികളിൽ വാർഡ് മെമ്പർമാർ പങ്കെടുത്തിരുന്നോ ; എങ്കിൽ ഏതെല്ലാം വാർഡിലെ മെമ്പർമാരാണ് പങ്കെടുത്തതെന്ന് വ്യക്തമാക്കാമോ ;

(ജി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വാർഡുകളിലെ മുഴുവൻ മെമ്പർമാരെയും കമ്മിറ്റികളിലേക്ക് രേഖാമൂലം ക്ഷണിച്ചിരുന്നോ ; ഇല്ലെങ്കിൽ ക്ഷണിക്കാതിരിക്കാനുള്ള കാരണമെന്താണെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാർഡ് 4-ലെ 12-12-2010 തീയതിയിലെയും വാർഡ് 19-ലെ 10-11-2012 തീയതിയിലെയും ഗ്രാമസഭയുടെ നിർദ്ദേശപ്രകാരമാണ് നടപ്പിലാക്കിയത്.

(സി) 2011-12 വർഷത്തിൽ 308700 രൂപയും 2012-13 വർഷത്തിൽ 250000 രൂപയും 2013-14 വർഷത്തിൽ 100000 രൂപയും വകയിരുത്തിയിട്ടുള്ളതാണ്. എസ്റ്റിമേറ്റ് പ്രകാരം താഴെ പറയുന്ന പ്രവൃത്തികളാണ് ചെയ്യേണ്ടത്.

2011-12 വർഷം

1. പമ്പിംഗ് മെയിൻ സ്ഥാപിക്കൽ.
2. 200 മീറ്റർ നീളത്തിൽ ലൈൻവെട്ടി പൈപ്പ് ഇടൽ (75 എം.എം.പി.വിസി. പൈപ്പ് 10 ഗേജ്)
3. വിതരണ പൈപ്പ് 150 മീറ്റർ നീളത്തിൽ കിളച്ച് പൈപ്പ് ഇടൽ (63 എം.എം.പി.വി.സി. പൈപ്പ് 6 ഗേജ്)
4. 75 എം.എം.ജി.ഐ. വാൾവ് സ്ഥാപിക്കൽ
5. 7.5 എച്ച്.പി.സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിക്കൽ
6. ടാങ്ക് സ്ഥാപിക്കുന്നതിനുവേണ്ടി കരിങ്കല്ല്, സിമന്റ് ഉപയോഗിച്ച് പ്ലാറ്റ്ഫോം സ്ഥാപിക്കൽ, ബെൽറ്റ് ഉൾപ്പെടെ (2.30 X 2.30) മീറ്റർ)
7. 5000 ലിറ്റർ എച്ച്.ടി.പി.ഇ. വാട്ടർ ടാങ്ക് സ്ഥാപിക്കൽ
8. പമ്പ് ഹൗസ് മാറ്റി സ്ഥാപിക്കൽ.

2012-13 വർഷം

1. പൈപ്പ് ഇടുന്നതിന് 290 മീറ്റർ ചാൽ കീറൽ
2. ലൈനിൽ പൈപ്പ് ഇടൽ 290 മീറ്റർ (75 എം.എം.പൈപ്പ് 6 ഗേജ്)
3. കുഴൽ കിണറിലേക്ക് 75 മീറ്റർ പൈപ്പ് ഇടൽ (63 എം.എം. പൈപ്പ് 10 ഗേജ്)
4. ടാപ്പ് കണക്ഷൻ
5. ടാപ്പുകളും വാൾവുകളും വാങ്ങി ഫിറ്റ് ചെയ്യൽ.

2013-14 വർഷം

1. 345 മീറ്റർ നീളത്തിൽ ചാൽ കീറൽ
2. 345 മീറ്റർ നീളത്തിൽ പൈപ്പ് ഇടൽ (32 എം.എം. പൈപ്പ് 6 ഗേജ്)
3. 21 പൊതുടാപ്പുകൾ സ്ഥാപിക്കൽ, അതിനാവശ്യമായ 20 എം.എം.ജി.ഐ. പൈപ്പ് 21 മീറ്റർ നീളത്തിലും 90 എം.എം. പൈപ്പ് 10 ഗേജ് സ്റ്റാന്റ് പോസ്റ്റിന് വേണ്ടി സ്ഥാപിക്കലും അതിലേക്കാവശ്യമായ ടാപ്പ് വാങ്ങി ഫിറ്റ് ചെയ്യലും.

(ഡി) 2011-12 വർഷത്തിൽ 2 ഘട്ടങ്ങളിലായി 2,64,082 രൂപയും 2012-13 വർഷത്തിൽ 1,02,950 രൂപയും 2013-14 വർഷത്തിൽ 76,959 രൂപയും കൺവീനർ കൈപ്പറ്റിയിട്ടുണ്ട്. ഇനി തുകയൊന്നും നൽകാനില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നിധീഷ്, S/o താമി, പുള്ളിയിൽ ഹൗസ്, വറ്റല്ലൂർ പി.ഒ.

ഗുണഭോക്തൃ കമ്മിറ്റി 8 പ്രാവശ്യം 4-2-2012, 10-2-2012, 30-3-2012, 28-4-2012, 2-3-2013, 5-12-2013, 5-1-2014, 18-1-2014 എന്നീ തീയതികളിലായി യോഗം ചേർന്നിട്ടുണ്ട്.

(എഫ്) ഉണ്ട്.

7, 14, 19, 21 വാർഡുകളിലെ മെമ്പർമാർ കമ്മിറ്റികളിൽ പങ്കെടുത്തിരുന്നു.

(ജി) നോട്ടീസുകൾ കാണുന്നുവെങ്കിലും ആയത് മെമ്പർമാർ രേഖാമൂലം കൈപ്പറ്റിയതായ വിവരം ലഭ്യമല്ലെന്ന് കുറുവ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തെരുവുവിളക്കുകൾ സ്ഥാപിക്കാത്ത ഗ്രാമീണ റോഡുകൾ

187 (7486) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തെരുവുവിളക്കുകൾ സ്ഥാപിക്കാത്ത ഗ്രാമീണ റോഡുകൾ ഉണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പട്ടികജാതിക്കാർ ഏറെയുള്ള പ്രദേശങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതിന് തദ്ദേശസ്വയംഭരണവകുപ്പ് പ്രത്യേക പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ;

(സി) പ്രസ്തുത പ്രദേശങ്ങളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ അപേക്ഷകൾ തീർപ്പാക്കാതെയുണ്ടോ ;

(ഡി) പട്ടികജാതിക്കാർ ഏറെയുള്ളതും പ്രധാന റോഡുകളിൽനിന്നും ഒറ്റപ്പെട്ടതുമായ ഗ്രാമീണറോഡുകളിൽ തെരുവുവിളക്കുകൾ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട അപേക്ഷകളിൽ തീരുമാനം അടിയന്തരമായി കൈക്കൊള്ളുന്നതിന് പ്രത്യേക നിർദ്ദേശം പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കാൻ നടപടി

188 (7487) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തെരുവുനായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കാതിരിക്കാൻ എന്തെല്ലാം നിയമതടസ്സങ്ങളാണ് നിലവിലുള്ളത് ; വിശദവിവരങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly